കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

01
ഒക്ടോബർ
2017

# ജംഗിൾ ന്യൂസ്

**ജംഗിൾ ന്യൂസ്** പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## ഓന്തൻ ശർമ്മ കേന്ദ്രമന്ത്രിയാകും



**എരുമകുളം:** പാർട്ടിമാറി കെ.ജെ.പി (കാലുമാറി ജംഗിൾ പാർട്ടി) യിൽ ചേർന്ന ഓന്തൻശർമ്മ കേന്ദ്രമന്ത്രിയാകും. മറ്റു പാർട്ടികളിലുള്ളവരെ ചാക്കിട്ട് പിടിക്കുന്നതിൽ ബിരുദാനന്തരബിരുദം നേടിയ ആനവാൽ ഷാ ആണ് എല്ലാ കരുനീക്കങ്ങളുടെയും പിന്നിൽ. സ്വന്തം പാർട്ടിക്കാരിൽ വിശ്വാസമില്ലാഞ്ഞിട്ടാണോ സദാ നേരവും മറ്റു പാർട്ടികളുടെ കൂട്ടിൽ കണ്ണു നട്ടിരിക്കുന്നത് എന്ന ചോദ്യത്തോട് ആനവാൽ ഷാ പ്രതികരിച്ചില്ല. അധികാരം നിലനിർത്താൻ എന്ത് കളിയും കളിക്കുന്ന കെ.ജെ.പി പണം വാരിയെറിഞ്ഞാണ് പാർട്ടിയിൽ ആളെ കൂട്ടുന്നത് എന്ന് പ്രതിപക്ഷ നേതാവ് മങ്കൻ മരംകൊത്തി പറഞ്ഞു.

മിസ്സടിച്ചാൽ പാർട്ടി അംഗത്വം ലഭിക്കുന്ന മിസ് യൂസ് പാർട്ടിയാണ് കെ.ജെ.പി എന്നും അദ്ദേഹം പരിഹസിച്ചു.

## മാലിന്യം വിതറി 'സ്വച്ഛ് ജംഗ്ൾ' പരിഹാസ്യനായി ഓന്തൻ ശർമ്മ

**കേ**ന്ദ്രമന്ത്രി ആയതിന്റെ ആവേശത്തിൽ ജംഗിൾ ഗേറ്റിന്റെ ഭാഗത്ത് മാലിന്യം വിതറി അത് വൃത്തിയാക്കി പബ്ലിസിറ്റിക്ക് ശ്രമിച്ച ഓന്തൻ ശർമ്മ പരിഹാസ്യനായി. 'സ്വച്ഛ് ജംഗിൾ ' എന്ന കാമ്പയിനിന്റെ ഭാഗമായി കാട് മാലിന്യമുക്തമാക്കൽ പരിപാടി ഉദ്ഘാടനം ചെയ്യാനെത്തിയതായിരുന്നു ഓന്തൻ ശർമ്മ. ജംഗ്ൾ ഗേറ്റിന്റെ ഭാഗത്ത് അന്നേരം മാലിന്യം ഒന്നും ഉണ്ടായിരുന്നില്ല. അവസാനം വളണ്ടിയർമാരെ പറഞ്ഞുവിട്ട് മാലിന്യങ്ങൾ എത്തിക്കുകയായിരുന്നു.

## ആമൻ കുമാറിന്റെ അറസ്റ്റ് പത്രങ്ങൾക്കും ചാനലുകൾക്കും ചാകര



**ആമനാട്:** സൂപ്പർ സ്റ്റാർ ആമൻ കുമാറിന്റെ അറസ്റ്റോടെ പത്രങ്ങൾക്കും ചാനലുകൾക്കും വല്ലാത്ത ചാകരയാണ് വീണു കിട്ടിയത്. പ്രസക്തമായ ഒട്ടേറെ വിഷയങ്ങളുണ്ടായിട്ടും മാസങ്ങളായി മീഡിയകളെല്ലാം ആമൻകുമാറിന്റെ ചുറ്റും കറങ്ങുകയാണ്. മൃഗങ്ങൾക്കിഷ്ടം സൂപ്പർസ്റ്റാറുകളുടെ ജീവിതത്തെ പറ്റി അറിയാനും കേൾക്കാനുമാണെന്ന തിരിച്ചറിവിൽ ഈ വിഷയത്തെ വിടാൻ മീഡിയകൾക്ക് ഒട്ടും താൽപ്പര്യവുമില്ല. ആമൻകുമാർ ജയിലിൽ പോകുമ്പോൾ ഇട്ട പാന്റ്സിനെയും ഷർട്ടിനെയും കുറിച്ച ഫീച്ചർ വരെ പത്രങ്ങൾ മൽസരിച്ച് പ്രസിദ്ധീകരിക്കുകയാണ്.

## 'ചെങ്കാട് 'പാർക്ക് നിർമ്മാണം പ്രതിഷേധം ശക്തം

**ജിറാഫുഞ്ചി:** വിനോദ സഞ്ചാരികളായ മൃഗങ്ങളെ ആകർഷിക്കാനായി ഉൾക്കാട്ടിൽ ടൂറിസം വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന ചെങ്കാട് പാർക്ക് നിർമ്മാണത്തിനെതിരെ പ്രതിഷേധം ശക്തമാകുന്നു.



*പാർക്ക് നിർമാണം തടയാനെത്തുന്ന സമരക്കാർ*

അരുവികളും ഔഷധസസ്യങ്ങളുമെല്ലാം അടങ്ങുന്ന മൃഗനിബിഡമായ സ്ഥലത്ത് പാർക്ക് വരുന്നതോടെ ആയിരക്കണക്കിന് മൃഗങ്ങളുടെ കിടപ്പാടം നഷ്ടപ്പെടും.

കാടിന്റെ ഹൃദയത്തെ കീറിമുറിച്ചുള്ള ഈ വിനാശപാർക്ക് നമുക്ക് വേണ്ട എന്ന് സമരസമിതി ചെയർമാൻ പ്രൊഫ. കാക്കോത്തമൻ പറഞ്ഞു. അഴിമതിക്കായുള്ള അവസരം സൃഷ്ടിക്കുകയാണ് ഭരണകൂടം എന്നും ഇതിനെതിരെ ശക്തമായ പ്രതിഷേധ പരിപാടികളുമായി മുന്നോട്ടുപോകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ഇനി കാക്കക്കൂട്ടിൽ മുട്ടയിടാം

കാക്കബ്രദേഴ്സ്

ബന്ധപ്പെടുക. kakkans@gmail.com

കുയിലുകൾക്ക് സുവർണാവസരം! മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെ കുയിൽ മുട്ടകൾ വിരിയിച്ചു കൊടുക്കുന്നു.